(ബി) ഓരോ സ്കൂളുകളിലും പഠിപ്പിക്കുന്ന വിഷയങ്ങൾ ഏതെല്ലാമെന്നും അനുവദിച്ചിട്ടുള്ള ബാച്ചുകൾ എത്ര വീതമെന്നും വിശദമാക്കുമോ;

(സി) ഈ വർഷം അനുവദിച്ച പ്ലസ്ടു സ്കൂളുകളിൽ ഏതിലെല്ലാം മാനവിക വിഷയങ്ങളുടെ ബാച്ചുകൾ ഉണ്ടെന്നും ഓരോ സ്കൂളും ഓഫർ ചെയ്യുന്ന കോമ്പിനേഷൻ ഏതെല്ലാമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) വിദ്യാർത്ഥിയുടെ സമഗ്രമായ വ്യക്തിത്വവികസനത്തിനും മാനസികവും വൈകാരികവും സാംസ്കാരികവുമായ വളർച്ചയ്ക്കും ആരോഗ്യകരമായ സാമൂഹിക ജീവിതത്തിന് സഹായകമായ മൂല്യങ്ങളുടെ സംക്രമണത്തിനും ലക്ഷ്യമിട്ടുകൊണ്ടാണ് പ്ലസ്ടു തലത്തിൽ മാനവിക വിഷയങ്ങൾക്ക് ഊന്നൽ നൽകുന്നത്. മാനവിക വിഷയങ്ങൾ അനുവദിച്ചിട്ടുള്ള സ്കൂളുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി ആന്റ് സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പ്രൊമോഷൻ വഴിയുള്ള പ്ലസ്ടു അദ്ധ്യാപക നിയമനങ്ങളിൽ എസ്.സി./എസ്.ടി. സംവരണം

362 [2421] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹൈസ്കൂളിലെ പ്ലസ്ടു അദ്ധ്യാപകർക്ക് ഡിപ്പാർട്ടുമെന്റ് കാറ്റഗറിയായി 25 ശതമാനം പ്രൊമോഷൻ വഴി നിയമനം നൽകുന്ന സ്പെഷ്യൽ റൂൾസ് നിലവിൽ വന്ന സാഹചര്യത്തിൽ ഈ കാറ്റഗറിയിൽ എസ്.സി./എസ്.ടി. സംവരണ തത്വം പാലിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ;

(സി) എസ്.സി./എസ്.ടി. സംവരണം സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; കാറ്റഗറിഫൈഡ് ആയ എസ്.സി./എസ്.ടി. അദ്ധ്യാപകർക്ക് പ്ലസ്ടുവിൽ നിയമനം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ആകെയുള്ള ഒഴിവുകളുടെ 25 ശതമാനം നിശ്ചിത യോഗ്യതയുള്ള വകുപ്പുതല അദ്ധ്യാപകരിൽ നിന്നും തസ്തികമാറ്റം വഴിയാണ് നികത്തുന്നത്. ഈ വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകർ എച്ച്.എസ്.എ./യു.പി.എസ്.എ./എൽ.പി.എസ്.എ. ആയി ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് സംവരണാനുകൂല്യം നേടിയവരാണ്. അതിനാൽ ഒരിക്കൽക്കൂടി ഈ ആനുകൂല്യം ലഭിക്കുവാൻ അർഹരല്ല.

LIBRARY ARCHIVES Kerala Legislative Assembly